**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **10-10-2024 - ൽ മറുപടിയ്ക്ക്**

**ബീച്ച് ഫെസ്റ്റിവൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുജന കൂട്ടായ്മയിലൂടെ ഡിസംബർ മാസത്തിൽ നടത്തപ്പെടുന്ന അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ ബീച്ച്ഫെസ്റ്റിവലിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ ബീച്ച്ഫെസ്റ്റിവലിനായി മുനക്കൽ ബീച്ച് സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബീച്ചിൽ സ്പോർട്ട്സ് ടൂറിസം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | മുനക്കൽ ബീച്ചിൽ ATV (All-Terrain Vehicle), ബഗ്ഗി റൈഡ് സർവ്വീസ് എന്നിവ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. കൂടുതൽ സ്പോർട്സ്/അഡ്വഞ്ചർ ആക്ടിവിറ്റികൾ തുടങ്ങുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മുസിരിസ് മുഖേന സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (സി) | മുനക്കൽ ബീച്ചിന് ബ്ലൂടാക് ബീച്ച് പദവി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | മുനക്കൽ ബീച്ചിന് ബ്ലൂ ഫ്ലാഗ് പദവി ലഭിക്കുന്നതിന് വേണ്ടിയുള്ള ആദ്യഘട്ട യോഗം, ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എഡ്യൂക്കേഷൻ അധികൃതരുമായി മുസിരിസ് പൈതൃക പദ്ധതി ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ട്. സ്ഥല പരിശോധന നടത്തുന്നതിന് വേണ്ടി ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എഡ്യൂക്കേഷൻ അധികൃതർ സ്ഥലം സന്ദർശിക്കുമെന്ന് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബീച്ചിൽ ബഹദൂർ സ്മാരക സിനിമാ തിയേറ്ററും ഗസ്റ്റ് ഹൗസും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്? | (ഡി) | നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ